# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 11**

---

## കരിക്കിന്റെ തൊണ്ടിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് എം.ജി സർവകലാശാലയിലെ ഗവേഷണ സംഘം

*പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന കരിക്കിന്റെ തൊണ്ടിൽനിന്ന് വൈദ്യുതി ഉത്ദപാദിപ്പിക്കുന്ന സാങ്കേതിക വിദ്യ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗവേഷകർ വികസിപ്പിച്ചെടുത്തു. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എബിൻ ജോൺ വർഗീസിന്റെ എം.ടെക് പ്രോഗ്രാമിന്റെ ഭാഗമായുള്ള ഗവേഷണത്തിലാണ് കണ്ടെത്തൽ.*

*സസ്യങ്ങളുടെ കോശഭിത്തിയിലെ ജൈവ പോളിമെറായ ലീഗിനിൻ ഘടകം കൂടുതലുള്ള കരിക്കിൻതൊണ്ടിൽ നിന്നും 48 മണിക്കൂറിനുള്ളിൽ സൂക്ഷമാണുക്കളുടെ പ്രവർത്തനത്തിലൂടെ ജൈവ വിഘടനം നടത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന 'ജെ. പി കിരൺ'എന്ന സാങ്കേതികവിദ്യയ്ക്ക് പേറ്റന്റിന് അപേക്ഷിച്ചിരിക്കുകയാണ്.*

*അന്തരിച്ച കാർഷിക ശാസ്ത്രജ്ഞൻ ഡോ.സി.എ ജയപ്രകാശ്, മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെൻറർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, സ്കൂൾ ഓഫ് എൻയവയോൺമെന്റൽ സയൻസസ് മേധാവി ഡോ.മഹേഷ് മോഹൻ, ഡോ. സി. ചന്ദന എന്നിവർ ഒരു വർഷം നീണ്ട ഗവേഷണത്തിന് മേൽനോട്ടം വഹിച്ചു.*

*സി.എൻ.ജിയെ(കംപ്രസ്ഡ് നാചറൽ ഗ്യാസ്) വൈദ്യുതിയാക്കി മാറ്റുന്നതിന് സാങ്കേതിക സഹായം ലഭ്യമാക്കിയത് ഫ്രാൻസീസ് മാത്യുവിന്റെ നേതൃത്വത്തിലുള്ള കോടങ്കണ്ടത്ത് ഇൻഡസ്ട്രീസിലെ സംഘമാണ്. കാസർകോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ(ഐ.സി.എ.ആർ-സി.പി.സി.ആർ.ഐ) ശാസ്ത്രജ്ഞർ*

*സർവകലാശാലയിലെത്തി പുതിയ കണ്ടുപിടുത്തം വിലയിരുത്തി പിന്തുണ വാഗ്ദാനം ചെയ്തു.*

*പുതിയ സംവിധാനം വഴി കരിക്കിൻ തൊണ്ട് ഉൾപ്പെടെ ഏത് ജൈവ മാലിന്യവും സംസ്കരിച്ച് 36 മുതൽ 48 വരെ മണിക്കൂറുകൾക്കുള്ളിൽ വൈദ്യുതിയാക്കി മാറ്റാൻ കഴിയും. ഈ കണ്ടെത്തലിനെ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വികസിപ്പിച്ച് വ്യവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് പ്രഫ. സാബു തോമസിന്റെയും ഡോ. രാധകൃഷ്ണന്റെയും മേൽനോട്ടത്തിൽ വിവിധ രാജ്യാന്തര സർവകലാശാലകളുമായി സഹകരിച്ച് തുടർ ഗവേഷണവും ഉപരി പഠനവും നടത്തിവരികയാണ്.*

*സമൂഹത്തിന് ഗുണകരമാകുന്ന കണ്ടുപിടുത്തങ്ങൾ നടത്തുന്നതിലും അവയെ വ്യവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിലും മാതൃക സൃഷ്ടിച്ചിട്ടുള്ള മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഭിമാനകരമായ പുതിയ നേട്ടമാണിതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. ;ജെ. പി കിരൺ' സാങ്കേതിക മഹാത്മാ ഗാന്ധി സർവകലാശാലയിലെ വൈദ്യുതി ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.*

*ഫോട്ടോ ക്യാപ്ഷൻ...*

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരിക്കിൻതൊണ്ടിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ജെ.പി കിരൺ സാങ്കേതിക വിദ്യയുടെ അവതരണം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ വീക്ഷിക്കുന്നു. എബിൻ ജോൺ വർഗീസ്, ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഫ്രാൻസീസ് മാത്യു എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1127/2024)*

## നയതന്ത്ര മേഖലയിൽ ഇന്ത്യയ്ക്കു വേണ്ടത് സ്വതന്ത്ര നിലപാട്-വേണു രാജാമണി

*പ്രശ്നഭരിതമായ ലോകക്രമത്തിൽ വിവിധ രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ സ്വതന്ത്രമായ നയതന്ത്ര നിലപാട് സ്വീകരിക്കാൻ ഇന്ത്യക്ക് കഴിയണമെന്ന് മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ വേണു രാജാമണി നിർദേശിച്ചു. മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ കെ.പി.എസ് മേനോൻ ചെയർ സംഘടിപ്പിച്ച കെ.പി.എസ് മേനോൻ സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു ചെയർ പ്രഫസർ കൂടിയായ അദ്ദേഹം.*

*യുദ്ധങ്ങളും തീവ്രവാദവും പകർച്ചവ്യാധികളും നിർമിത ബുദ്ധിപോലെയുള്ള പുത്തൻ സാങ്കേതിക വിദ്യകൾ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളും ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ ലോകം നേരിടുകയാണ്. ഇന്ത്യയുടെ അയൽ രാജ്യങ്ങളെല്ലാം വിവിധങ്ങളായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ഇന്ത്യയിലും പരിഹാരം അനിവാര്യമായ പ്രാദേശികവും ദേശീയവുമായ വിഷയങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന മാതൃക പിന്തുടരുന്ന സമീപനമാണ് രാജ്യത്തിന്റെ ഭാവിക്ക് ഉപകരിക്കുകയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.പി.എസ്. മേനോൻ ചെയർ കോ-ഓർഡിനേറ്റർ ഡോ. ലിറാർ പുളിക്കലകത്ത് സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*

*സർവകലാശാലയിലെ  സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ വേണു രാജാമണി കെ.പി.എസ് മേനോൻ സ്മാരക പ്രഭാഷണം നടത്തുന്നു. ഡോ. ലിറാർ പുളിക്കലകത്ത്, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1128/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ എംഎസ്സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി  (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024)  പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in  *എന്ന ലിങ്കിൽ.*

..............................

*രണ്ടാം സെമസ്റ്റർ എംഎസ്സി ഇൻഡസ്ട്രിയൽ കെമിസ്ട്രി  (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024)  പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), നാലാം*

*സെമസ്റ്റർ ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്‌സി ചാൻസ് ജൂലൈ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ (അനിമേഷൻ, സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, പ്രിന്റ് ആന്റ് ഇല്ക്ട്രോണിക് ജേർണലിസം 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1129/2024)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ കഥകളി സംഗീതം, മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 17ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................

*മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ് (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 17മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1130/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം വാർഷിക സ്കീം (അവസാന സെപെഷ്യൽ മെഴ്സി ചാൻസ് 1992 മുതൽ 1997 വരെ അഡ്മിഷനുകൾ), ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ വാർഷിക സ്കീം (ബിഎ പാർട്ട് 3 മെയിൻ തമിഴ് ആന്റ് മ്യൂസിക്ക് ഒഴികെ 1998 മുതൽ 2011 വരെ അഡ്മിഷനുകൾ) പരീക്ഷകൾക്ക്*

*ജനുവരി പത്തു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 13 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 15 വരെയും അപേക്ഷ സ്വീകരിക്കും.*

..............................

*അഫിലിയേറ്റഡ് കോളേജുകളിലെ എംഎഡ് (ഒരു വർഷ കോഴ്സ്) സെമസ്റ്റർ സ്കീം (അവസാന സെപെഷ്യൽ മെഴ്സി ചാൻസ് 2002 മുതൽ 2014 വരെ അഡ്മിഷനുകൾ), എംഎഡ് (ദ്വിവത്സര കോഴ്സ് 2015 മുതൽ 2018 വരെ അഡ്മിഷനുകൾ) പരീക്ഷകൾക്ക് ജനുവരി 15 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 16 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 17 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1131/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**